"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. എ (5)/1500/2019/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 13/03/2019

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

**വിഷയം:** പൊതു വിദ്യാഭ്യാസം – റവന്യൂ ജില്ലാതല അദ്ധ്യാപകരുടെ ഓൺലൈൻ സ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന :** 15-02-2019 ലെ സർകുലർ II നമ്പർ എ5/1500/2019/ഡി.പി.ഐ

----------

മേൽ സൂചന സർക്കുലറിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2019-20 വർഷത്തേക്കുള്ള റവന്യൂജില്ലാ സ്ഥലം മാറ്റത്തിനുവേണ്ടി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിയിൽ തുടരുന്ന അദ്ധ്യാപകർക്കും അപേക്ഷിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ ഓൺലൈനിൽ അപേക്ഷിക്കുമ്പോൾ ഡെപ്യൂട്ടേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് ഓപ്ഷൻ ഇല്ലായിരുന്നു. അതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇപ്പോൾ ജോലിയിൽ തുടരുന്ന അദ്ധ്യാപകർ ആ വിവരം നേരിട്ട് വിദ്യാഭ്യാസ ഉപഡയറക്ടറെ രേഖാമൂലം അറിയിക്കുവാൻ ഇവിടെ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിക്കുന്ന അവസരത്തിൽ, ഡെപ്യൂട്ടേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ അവിടെ നിന്നും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. എങ്കിൽ മാത്രമേ ജില്ലാതല സ്ഥലംമാറ്റം ശരിയായ രീതിയിൽ നടപ്പിലാക്കുവാൻ കഴിയുകയുള്ളു. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങളുടെ കൈവശം ഉള്ള ഡെപ്യൂട്ടേഷനിൽ ജോലിയിൽ തുടരുന്ന അദ്ധ്യാപകരുടെ വിശദംശങ്ങൾ അപേക്ഷയുമായി ഒത്ത് നോക്കേണ്ടതാണ്. ഇതിനുവേണ്ടി ഹെഡ്മാസ്റ്റർമാരിൽ നിന്നും കൂടി വിശദാംശങ്ങൾ ശേഖരിക്കുന്നത് ഉചിതമായിരിക്കും.

വിശ്വസ്തതയോടെ,

ആശാദേവി. വി.എസ്,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

(മറുപുറം)

പകർപ്പ് :

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

ഡെപ്യൂട്ടേഷനിൽ തുടരുന്നവരിൽ സ്ഥലംമാറ്റത്തിന് വേണ്ടി അപേക്ഷിച്ചിട്ടുള്ള അദ്ധ്യാപകരുടെ വിശദാംശങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകുവാൻ എല്ലാ ഹെഡ്മാസ്റ്റർമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

എ.സി-